LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1120

Thursday, *the* *9th August 1945* / *25th Karkadagam 1120*

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir George Boag K. C. I. E., C. S. I.) in the Chair.

All members were present.

QUESTIONS AND ANSWERS

AYURVEDIC DEPARTMENT

148. Mrs. Dakshayani Velayudhan *(Nominated):* Will Government be pleased to state.—

(*a*) the number of Ayurvedic Dispensaries conducted by the Ayurvedic Department;

(*b*) the number of patients treated in 1120;

(*c*) whether the Government have got any complaints from any source regarding the ineffectiveness of the Powder Kashayam?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) 34 Vaidyasalas, 8 Vishavaidyasalas and 7 Hospitals.

(*b*) 2,85,968 patients till 8th Karkadagam 1120.

(*c*) Government have not received any specific complaints, but they have seen an article in the "Snehithan" complaining against the manufacture of Powder Kashayam.

REPAIRS TO PANCHAYAT ROADS

ശ്രീ. മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: താഴെ പറയുന്ന ചോദ്യത്തിന്ന ഗവമ്മെണ്ട ദയവായി മറുപടി പറയുമോ.—

മണലോരപ്രദേശങ്ങളിൽ പഞ്ചായത്ത റോഡുകൾക്ക കൊല്ലംതോറും ചിലവുചെയ്യുന്ന സംഖ്യ ആവക റോഡുകൾ ഉറപ്പിച്ചു നന്നാക്കുന്നതുവരെ അനാവശ്യമായ ഒരു നഷ്ടം മാത്രമായിട്ടാണ് പരിണമിക്കുന്നതെന്ന ഗവമ്മെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല. അതു ഒരു അനാവശ്യ ചിലവല്ല.

ROAD MAINTENANCE WORK—ERNAKULAM

ശ്രീ ൦. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട സദയം ഉത്തരം നല്കുവാൻ ദയവുണ്ടാകുമോ.—

൧൯൫൦-ലെ റോഡു മെയിൻറനൻസു പണി എറണാകുളം പട്ടണത്തിൽ ആരംഭിക്കുവാൻ ഇത്ര വൈകുന്നതിനുള്ള കാരണം എന്താണെന്നു് ഗവമ്മേണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ടു്. എറണാകുളം പട്ടണത്തിലെ റോഡു മെയിൻറനൻസുപണി ആരംഭിക്കുന്നതിന്ന വൈകിയെന്നുള്ള സംഗതി ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. യുദ്ധപരിതഃസ്ഥിതിമൂലം ഉണ്ടായിട്ടുള്ള ക്ലേശിക്കാതെ കൂലിക്കാരുടെ കുറവും സാധനങ്ങൾ കൊണ്ടുവരുവാനുള്ള ബുദ്ധിമുട്ടുമാണു് ഇതിന്നു് കാരണം.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോഴും ഈ റോഡു മെയിൻറനൻസു പണി പൂർത്തിയാക്കീട്ടില്ലെ?

മിസ്റ്റർ സി. ജെ മാത്യു: പണി പൂർത്തിയാക്കുവാൻ തുടങ്ങീട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് കൺട്രാക്ടർ മുഖാന്തിരമല്ലെ നടത്തുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: അതെ, കൺട്രാക്ടർ ഉണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : അതു ഇന്ന സമയത്തിന്നുള്ളിൽ ചെയ്യ തീക്കണമെന്നു് കാരിൽ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു : കക്കടകം മു. റോഡ്-പണി-കളുള്ളിൽ ചെയ്യ് തീർക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ : ടെണ്ടർ റിഡക്ഷൻ എന്താണു്.

മിസ്റ്റർ സി. ജെ. മാത്യു : എക്സ്സ്സ്സ് തുകയുള്ളു.

മിസ്റ്റർ എ. ഈച്ചരമേനോൻ : കൂലിക്കാരുടെ കുറവാണു താമസത്തിനു കാരണമെന്നു പറഞ്ഞു. കൂലിക്കാരെ കിട്ടണമെങ്കിൽ അവക്കു കൂടുതൽ കൂലി കൊടുക്കേണ്ടിവരുകയില്ലെ?

മിസ്റ്റർ സി. ജെ. മാത്യു : അതു കൊണ്ടാണു് കൂടുതൽ സംഖ്യക്കു ടെണ്ടർ കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ ജോസു് കെ. വറുഗീസു് : എല്ലാ മുനിസിപ്പാലിറ്റിയിലേയും റോഡു പണികഠം കക്കടകം മു. റോഡ്-പണി-കളുള്ളിൽ ചെയ്യ തീക്കണമെന്നുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു : ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ : റോഡിൽ പൈപ്പു കഴിച്ചിട്ടപ്പോൾ കോരിയിട്ട മണ്ണു നിരത്തി റോഡു് ശരിയാക്കണമെന്നു നിർബ്ബന്ധമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു : ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ : അതു ചെയ്യേണ്ടതു ആരാണു് ?

മിസ്റ്റർ സി. ജെ. മാത്യു : മുനിസിപ്പാലിറ്റിയിൽ നിന്നാണു്.

മിസ്റ്റർ ജോസു് കെ. വറുഗീസു് : എറണാകുളം മുനിസിപ്പൽ ചെയർമാൻ ഇതിന്റെ കൺട്രാക്ടറല്ലെ?

മിസ്റ്റർ സി. ജെ. മാത്യു : അദ്ദേഹം P. W. D. കൺട്രാക്ടരാണു്.

മിസ്റ്റർ പി. കെ. ഡീവർ : ചെയർമാനല്ലെ പൈപ്പിട്ടപ്പോൾ എടുത്ത മണ്ണു് നിരത്തി റോഡു ശരിയാക്കീട്ടുണ്ടോ എന്നു നോക്കേണ്ടതു് ?

മിസ്റ്റർ സി. ജെ. മാത്യു : അതു നോക്കേണ്ടതു് മുനിസിപ്പൽ കമ്മീഷണരാണു്.

മിസ്റ്റർ പി. കെ. ഡീവർ : ചെയർമാനും ഉത്തരവാദിത്വമില്ലെ?

മിസ്റ്റർ സി. ജെ. മാത്യു : ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ : മണ്ണു കൂട്ടിയതു നിരത്തി ശരിയാക്കേണ്ടതു ആരാണെന്നുവെച്ചാൽ അവരെകൊണ്ടു അതുടനെ ശരിയാക്കിക്കേണ്ടതല്ലെ?

മിസ്റ്റർ സി. ജെ. മാത്യു : അതുടനെ തന്നെ ലവലാക്കേണ്ടതാണു്. ഇപ്പോൾ അതു ലവൽ ചെയ്തു വരുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : അതു ചെയർമാൻ ചെയ്യില്ലെങ്കിൽ പിന്നെ ആരാണു് അതു ചെയ്യിക്കേണ്ടതു്?

മിസ്റ്റർ സി. ജെ. മാത്യു : മുനിസിപ്പാലിറ്റിയാണു് ചെയ്യേണ്ടതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു് : യുദ്ധപരിതസ്ഥിതിമൂലം കൂലിക്കാരുടെ കുറവാണു് കാരണമെന്നു പറഞ്ഞു. ആസാമിലേക്കു കൂലിക്കാരെകൊണ്ടു പോകുന്നതു കൊണ്ടാണു് ഇവിടെ കൂലിക്കാരുടെ കുറവു വരുവാൻ കാരണമെന്നു ഗവൺമ്മേണ്ടിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു : അതൊരു കാരണം.

മിസ്റ്റർ പി. ടി. ജേക്കബ്ബു് : അതുകൊണ്ടു ആസാമിലേക്കു കൂലിക്കാരെ എടുക്കുന്നതു് നിറുത്തണമെന്നു ഗവൺമ്മേണ്ടു വിചാരിക്കുന്നുണ്ടൊ?

മിസ്റ്റർ സി. ജെ. മാത്യു : ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ആസാമിലേക്കു തൊഴിലാളികളെ എടുക്കുന്നതാണു് ഇവിടെ തൊഴിലാളികളുടെ കുറവിനു ഒരു പ്രധാനകാരണമെന്നു ഗവൺമ്മേണ്ടിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു : അതും ഒരു കാരണമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: ആസാമിലേക്ക് അയക്കുന്ന ആളുകളുടെ എണ്ണം കുറച്ചു കുറക്കുവാൻ പാടില്ലെ?

മിസ്റ്റർ സി. ജെ. മാത്യു: കുറക്കുവാൻ നിവൃത്തിയില്ല. ഇനിയും കൂടുതൽ അയക്കണമെന്നാണ് ഗവൺമെണ്ടിന്റെ ഉദ്ദേശം.

മിസ്റ്റർ പി. മാണി: ഇവിടെ എത്രതന്നെ പ്രയാസം വന്നാലും അങ്ങോട്ട് ആളുകളെ അയക്കണമെന്നാണൊ ഉദ്ദേശം?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇവിടെ അത്രത്തോളം പ്രയാസമില്ല.

മിസ്റ്റർ പി. മാണി: ഇവിടെ പ്രയാസമില്ലെ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കുറച്ചു പ്രയാസമുണ്ടെങ്കിലും യുദ്ധത്തിനു ആളെ അയക്കണം. അതുകൊണ്ടു ആളുകളെ കൂടുതൽ അയക്കണമെന്നാണ് ഗവൺമെണ്ടു ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അപ്പോൾ യുദ്ധത്തിനാണൊ പ്രാഥമ്യം കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതെ.

ARTICLE IN THE "MALABAR MAIL" DATED 30TH MITHUNAM 1120 REGARDING BUDGET AND NEWSPAPERS

ക്ഷ ക്ഷ. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടുടയവായി മറുപടി പറയുമോ.—

(എ) ക്ഷ ക്ഷ ൦ മിഥുനം ൩൰-ാംതു-യിലെ "മലബാർ മെയിൽ" പത്രത്തിലെ "കൊച്ചി ബഡ്ജറും പത്രങ്ങളും" എന്ന ലേഖനം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ വിഷയീഭവിച്ചിട്ടുണ്ടോ; അതിൽ പറയുന്നതുപോലെ പത്രപ്രതിനിധികൾക്കു ആവശ്യപ്പെട്ടിട്ടു ബഡ്ജറു വിവരങ്ങൾ നൽകാതിരുന്നതു എന്തുകൊണ്ടാണു;

(ബി) ബഡ്ജറു ഒരു സ്വകാര്യ രേഖയാണോ, ആണെങ്കിൽ ഏതു തിയ്യതിവരെയാണു അതു സ്വകാര്യമായി ഗണിക്കപ്പെട്ടിരിക്കുന്നതു;

(സി) കൊച്ചിക്കു പുറമെയുള്ള "പൌരധ്വനി" "പൌരപ്രഭ" "മാതൃഭൂമി" മുതലായ പത്രങ്ങളും കൊച്ചിയിൽത്തന്നെ "ഗോമതി" യും കക്കടകം ക്ഷ-ാംതു-ക്കുമുമ്പു പ്രസിദ്ധീകൃതമായിരിക്കുന്ന ബഡ്ജറു വിവരങ്ങൾ ഗവൺമെണ്ടു നൽകിയതാണോ; ഗവൺമെണ്ടു നൽകിയിട്ടുള്ളതല്ലെങ്കിൽ ബഡ്ജറു വിവരങ്ങൾ ചോർന്നുപോയതെങ്ങനെയെന്നു ഗവൺമെണ്ടു അന്വേഷിച്ചുവോ; അന്വേഷണ ഫലമെന്താണു; അതിനെപ്പറ്റി എന്തു നടപടി നടത്തി;

(ഡി) ബഡ്ജറു അടക്കമുള്ള ഔദ്യോഗിക വിവരങ്ങൾ എല്ലാ പത്രങ്ങൾക്കും ഒരേസമയം കിട്ടത്തക്ക ഏർപ്പാടുകൾ ചെയ്യുന്നതിനു ഗവൺമെണ്ടിനു എന്താണു തടസ്സം?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: (എ) ഉവ്വു്. ബഡ്ജറു് കൌൺസിലിൽ അവതരിപ്പിച്ചതിനുശേഷം മാത്രം പത്രങ്ങൾക്കും പൊതുജനങ്ങൾക്കും അതിലെ വിവരങ്ങൾ നൽകുക എന്നുള്ളതാണു് ഗവൺമെണ്ടിന്റെ നയം.

(ബി) കൌൺസിലിൽ ഫിനാൻസു് മെമ്പർ ബഡ്ജറു അവതരിപ്പിക്കുന്നതുവരെ രൂപീകരണത്തിന്റെ പല ഘട്ടങ്ങളിലും ഇരിക്കുന്നതും അതുവരെ സ്വകാര്യ രേഖയായി ഇരിക്കുന്നതും ആകുന്നു. പത്രങ്ങൾക്കു് വിവരങ്ങൾ ബഡ്ജറു സ്പീച്ചോടുകൂടി നൽകുവാൻ പതിവുപോലെ ഈ കൊല്ലവും ഏർപ്പാടു ചെയ്തിട്ടുണ്ടു്.

(സി) ഗവൺമെണ്ടു അനുവാദത്തോടുകൂടിയൊ അറിവോടുകൂടിയൊ ബഡ്ജറു വിവരങ്ങൾ ആർക്കും നൽകപ്പെട്ടിട്ടില്ല; യാതൊരു അന്വേഷണവും നടത്തിയിട്ടില്ല.

(ഡി) ഗവൺമെണ്ടു എല്ലാ പത്രങ്ങൾക്കും ഒരേ സമയത്തിൽ തന്നെ ബഡ്ജറുവിവരങ്ങൾ കൊടുത്തുവരാറുള്ളതു്; മേലിൽ കൊടുക്കുന്നതും ആകുന്നു.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഇതിനു മുമ്പു കൊടുക്കാറുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: എ. യിൽ പറയുന്ന നയം എന്നു മുതല്ക്കാണു അനുഷ്ഠിച്ചു തുടങ്ങിയതെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതാണു ഗവർമ്മെണ്ടിന്റെ ഇതേവരെയുള്ള നയം.

LIBRARY ARCHIVES Kerala Legislative Assembly